# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4244 — 03.02.2014 -ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിൽ എംപ്ലോയബിലിറ്റി സെന്ററുകൾ

ചോദ്യം — ഉത്തരം

**ശ്രീ.എം.വി.ശ്രേയാംസ് കുമാർ** — **ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയാണ് എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | തൊഴിൽ ദാതാക്കൾ കൂടുതലുള്ള ജില്ലകൾ എന്ന പരിഗണന വച്ചും, സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്ന പരിഗണന വച്ചും സർക്കാർ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലുമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നത്. |
| (സി) | സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയായ വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ